(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഴയ 2 കാറുകൾ ലേലം ചെയ്തശേഷം പുതിയ 2 കാറുകൾ വാങ്ങിയിട്ടുണ്ട്.

(ജി) ലഭിച്ചിരുന്നില്ല.

(എച്ച്) 14,81,780 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഐ) ഇല്ല.

(ജെ) ബാധകമല്ല.

പിന്നോക്ക വികസന കോർപ്പറേഷൻ മതന്യൂനപക്ഷങ്ങൾക്ക് നൽകുന്ന വായ്പാ പദ്ധതികൾ

123 [3270] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വികസന കോർപ്പറേഷൻ മതന്യൂനപക്ഷങ്ങൾക്ക് നൽകി വന്നിരുന്ന വായ്പാ പദ്ധതികൾ നിർത്തിവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ്;

(സി) പ്രസ്തുത പദ്ധതി പുനരാരംഭിക്കുവാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (എൻ.എം.ഡി.എഫ്.സി.) സാമ്പത്തിക സഹായത്തോടെയാണ് മതന്യൂനപക്ഷങ്ങൾക്കുള്ള വായ്പാ പദ്ധതികൾ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നത്. ടി ഫണ്ടിന്റെ അഭാവത്താൽ വായ്പാ പദ്ധതികൾ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മതന്യൂനപക്ഷങ്ങൾക്ക് വായ്പ നൽകുന്നത് ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ വായ്പാ സഹായത്താലാണ്. സംസ്ഥാന സർക്കാർ ദേശീയ കോർപ്പറേഷനിലേക്ക് ഓഹരി മൂലധനമായി നൽകുന്ന തുകയ്ക്ക് ആനുപാതികമായിട്ടാണ് വായ്പാ തുക സംസ്ഥാന കോർപ്പറേഷന് ലഭ്യമാകുന്നത്. സംസ്ഥാന സർക്കാരിന്റെ ഓഹരി നിക്ഷേപം ദേശീയ കോർപ്പറേഷന് ലഭ്യമാകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ ഓഹരി നിക്ഷേപം ദേശീയ കോർപ്പറേഷന് ലഭിക്കുന്ന മുറയ്ക്ക് ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ വായ്പാ സഹായം ലഭ്യമാകുന്നതും തുടർന്ന് മതന്യൂനപക്ഷങ്ങൾക്ക് വായ്പകൾ നൽകുന്നതുമാണ്.

പിന്നോക്ക വികസന കോർപ്പറേഷൻ വഴിയുള്ള വായ്പ

124 [3271] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻവഴി 2002-2003 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത വായ്പയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയ്ക്കായി പിന്നോക്ക വികസന കോർപ്പറേഷൻ എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly